പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**തദ്ദേശ സ്വയംഭരണ മേഖലയിലെ പുതിയ പദ്ധതികൾ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1707 — 08-06-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.സി. ജോർജ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കി തുടങ്ങിയ പുതിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ മേഖലയിൽ പുതുതായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>**I. ഗ്രാമ വികസന വകുപ്പ്**<br><br>സർക്കാരിന്റെ ഇ-ഗേണൻസ് സംരംഭങ്ങൾ ശക്തിപ്പെടുത്തുക/നടപ്പിലാക്കുക എന്നതിന്റെ ഭാഗമായി ഗ്രാമ വികസന കമ്മീഷണറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. ഗ്രാമ വികസന വകുപ്പിന് കീഴിൽ വരുന്ന കമ്മീഷണറേറ്റ്, ജില്ലാതല ഓഫീസുകൾ, മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിലെ ആധുനികവൽക്കരണം, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളും വാങ്ങലുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.<br><br>**II. പഞ്ചായത്ത് വകുപ്പ്**<br><br>**ഗ്രാമവികസന പദ്ധതികൾക്ക് സാങ്കേതിക ഉപദേശം നൽകൽ**<br><br>ആധുനിക അറവുശാലകളും ശ്മശാനങ്ങളും നിർമ്മിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് മതിയായ സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് പ്രസ്തുത പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി ശുചിത്വ മിഷൻ മുഖേന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും കൺസൾട്ടൻസി സഹായം ലഭിക്കുന്നതിനും 200 ലക്ഷം രൂപ 2017-18 വർഷത്തെ സംസ്ഥാന ബജറ്റിൽ വക യിരുത്തി ശുചിത്വമിഷന് കൈമാറിയിട്ടുണ്ട്.<br><br>**ഗ്രാമസഭ വെബ് പോർട്ടൽ**<br><br>പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമാണ് ഗ്രാമസഭ. പങ്കാളിത്ത ജനാധിപത്യത്തിന്റെ പ്രത്യക്ഷ മുഖമായി ഗ്രാമസഭ മാറിക്കഴിഞ്ഞിട്ടുണ്ട്. വിവര സാങ്കേതികവിദ്യ സാർവ്വത്രികമായ ഈ കാലഘട്ടത്തിൽ ലോകത്തെവിടെനിന്നും പൗരന്മാർക്ക് ഗ്രാമസഭാ ചർച്ചകളിൽ പങ്കെടുക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും സ്വന്തം നാടിന്റെ |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിയ്ക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ്; വിശദമാക്കാമോ; | | |

വികസനത്തിൽ പങ്കാളികളാകുന്നതിനും ഗ്രാമസഭാ മിനിട്ട്സുകൾ ലഭ്യമാക്കുന്നതിനുമായി ഒരു വെബ് പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പൗരന്മാർക്ക് ബന്ധപ്പെട്ട പഞ്ചായത്തുകളിലെ വാർഡ് തലത്തിൽ ഈ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും ഗ്രാമ സഭാ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും ഇതിലൂടെ സാധിക്കുന്നു.

**<u>ഫോർ ദ പീപ്പിൾ ഓൺലൈൻ പരാതി പരിഹാര സംവിധാനം</u>**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിൽ നടക്കുന്ന സ്വജന പക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈനായി ഒരു പരാതി പരിഹാര സംവിധാനം എന്ന നിലയിൽ 02-02-2017-ലെ 299/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഫോർ ദി പീപ്പിൾ പദ്ധതി സർക്കാർ ആരംഭി ച്ചിട്ടുണ്ട്. പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാനും ആവശ്യമെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ എന്നിവ ചേർക്കാനും കഴിയും. ഇതിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്കെതിരായ പരാതി ഒരു പരിധി വരെ ഇല്ലാതാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്ന തിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കഴിയു മെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി ആഭ്യന്തര വിജിലൻസ് വിഭാഗം സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു.

സംസ്ഥാന പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല.

## III. <u>നഗരകാര്യ വകുപ്പ്</u>

**പ്രാദേശിക സർക്കാറുകൾക്ക് നൂതന ആശയ ങ്ങൾ നൽകൽ**

നഗരസഭകളുടെ പ്രാദേശിക ബഡ്ജറ്റിൽ ഉൾപ്പെട്ടി ട്ടില്ലാത്തതും എന്നാൽ നൂതനവും സാങ്കേതിക വിദ്യ ആവശ്യവുമുള്ളതുമായ പദ്ധതികൾ ഫലപ്രാപ്തിയിലെത്തി ക്കുന്നതിനുള്ള നഗരകാര്യ വകുപ്പിന്റെ സംരംഭമാണ് ഇത്. നഗരസഭകളിൽനിന്നും ഉരുത്തിരിഞ്ഞ് വരുന്ന നൂതന ആശയങ്ങൾ സംസ്ഥാനതലത്തിൽ വിദഗ്ദ്ധ സമിതി പരിശോധിച്ച് പ്രായോഗികമാണെന്ന് കണ്ടെ ത്തുന്ന പക്ഷം നിർവ്വഹണത്തിനായി സാങ്കേതിക സഹായവും ഡി.പി.ആർ ആവിഷ്കരണവും നൽകി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള നൂതന സംവിധാനമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. നഗരസഭകളിൽനിന്നും ടി പദ്ധതി പ്രകാരമുള്ള പ്രൊപ്പോസലുകൾ ക്ഷണിച്ചു വരുന്നു.

**പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് കെട്ടിട നിർമ്മാണം.**

പുതുതായി രൂപീകരിച്ച 28 മുനിസിപ്പാലിറ്റികൾ

മതിയായ കെട്ടിട സൗകര്യങ്ങൾ ഇല്ലാതെ ബുദ്ധിമുട്ടുകൾ അനുഭവിച്ചുവരുന്നുണ്ട്. നഗരസഭകളിൽ ലഭ്യമാകുന്ന പ്രോജക്ടുകൾക്ക് പദ്ധതിപ്രകാരം ഒരു നിശ്ചിത തുക സംസ്ഥാന പദ്ധതി തുകയായി അനുവദിക്കുന്നു. 2017-18 സാമ്പത്തിക വർഷം ഇതിനായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. നടപ്പുസാമ്പത്തിക വർഷം 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്വന്തമായി സ്ഥല ലഭ്യതയുള്ള നഗരസഭകൾക്ക് സർക്കാർ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ PRICE Software-ൽ പ്രോജക്ട് എൻട്രി വരുത്തുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്.

**നഗരവികസനത്തിന് പദ്ധതികൾ തയ്യാറാക്കുന്നതിന് സാങ്കേതിക ഉപദേശം നൽകൽ**

നഗരസഭകളുടെ അടിസ്ഥാന ചുമതലകളായിട്ടുള്ള പൊതു ശ്മശാനങ്ങളുടെ നിർമ്മാണം, ആധുനിക അറവുശാലകളുടെ നിർമ്മാണം തുടങ്ങിയ പദ്ധതികൾക്ക് ഡി.പി.ആർ തയ്യാറാക്കുന്നതുൾപ്പെടെയുള്ള സാങ്കേതിക സഹായം നൽകുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ശുചിത്വ മിഷൻ മുഖേനയാണ് ഡി.പി.ആർ.കൾ തയ്യാറാക്കുന്നത്. ഈ ഇനത്തിൽ ശുചിത്വ മിഷന് ചെലവാകുന്ന തുക റീഇമ്പേഴ്സ്മെന്റ് ചെയ്ത് നൽകുന്നതിന് ഒരു കോടി രൂപ 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

മേൽ പദ്ധതികൾ സംസ്ഥാനാവിഷ്കൃത പദ്ധതികളാണ്.

**<u>ലൈഫ് പദ്ധതി</u>**

കേരളത്തിലെ മുഴുവൻ ഭവനരഹിതർക്കും വാസയോഗ്യമായ ഭവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ ഭവന പദ്ധതിയാണിത്. ഭൂരഹിതർക്ക് എല്ലാവിധ സാമൂഹിക പശ്ചാത്തലത്തോടുകൂടിയ ഭവന സമുച്ചയങ്ങളും ഭൂമിയുള്ള ഭവനരഹിതർക്ക് വ്യക്തിഗത ഭവനങ്ങളും ലഭ്യമാക്കുക എന്നാണ് ലൈഫ് മിഷൻ ലക്ഷ്യം വയ്ക്കുന്നത്. ലൈഫ് പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല. എന്നാൽ ലൈഫ് പദ്ധതിയിൽ പി.എം.ജി.എ.വൈ പദ്ധതി ലയിപ്പിച്ചിട്ടുള്ളതിനാൽ പി.എം.എ.വൈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് നഗരങ്ങളിൽ 1.5 ലക്ഷം രൂപയും ഗ്രാമങ്ങളിൽ 72,000/- രൂപയും കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ട്.

## IV കുടുംബശ്രീ വഴിയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

**1). ഭിന്ന ലിംഗക്കാർ, അംഗപരിമിതർ, വയോധികർ എന്നിവർക്കുവേണ്ടി പ്രത്യേക അയൽക്കൂട്ടങ്ങൾ**

2017-18-ൽ അരക്ഷിത വിഭാഗങ്ങൾക്ക്/സംഘങ്ങൾക്ക് മാത്രമായിട്ടുള്ള ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അവരെ മാത്രം കേന്ദ്രീകരിച്ചുള്ള അയൽക്കൂട്ട

| | | | |
|---|---|---|---|
| | | | ങ്ങൾക്ക് കുടുംബശ്രീ രൂപം നൽകി.<br><br>**2). കുടുംബശ്രീ സ്കൂൾ**<br><br>ചരിത്രത്തിൽ ആദ്യമായി 43 ലക്ഷം കുടുംബശ്രീ അംഗങ്ങൾക്ക് 6 ദിവസത്തെ സമൂഹാധിഷ്ഠിത വിദ്യാഭ്യാസ പരിശീലനം സംഘടിപ്പിച്ചു.<br><br>**3). വനിതാ നിർമ്മാണ ഗ്രൂപ്പുകൾ**<br><br>നിലവിൽ 70 ഗൃഹനിർമ്മാണ യൂണിറ്റുകൾ ജില്ലകളിൽ പ്രവർത്തിക്കുന്നു. കൂടാതെ 179 പുതിയ ഗൃഹ നിർമ്മാണ യൂണിറ്റുകളുടെ പരിശീലനം പുരോഗമിക്കുന്നു.<br><br>**4) കുടുംബശ്രീ സ്റ്റേറ്റ് ജെൻഡർ റിസോഴ്സ് സെന്റർ**<br><br>2017 ഒക്ടോബർ മുതൽ കുടുംബശ്രീ ഹെഡ് ക്വാർട്ടേഴ്സിൽ സ്റ്റേറ്റ് ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനം ആരംഭിച്ചു.<br><br>**5). തദ്ദേശ സ്വയംഭരണ കേന്ദ്രങ്ങളിൽ 143 ജെൻഡർ റിസോഴ്സ് സെന്ററുകൾ**<br><br>തദ്ദേശ സ്വയംഭരണ കേന്ദ്രങ്ങളുമായി സംയോജിച്ച് 143 ജെൻഡർ റിസോഴ്സ് സെന്ററുകൾ സ്ഥാപിച്ചതാണ് ജെൻഡർ വികസന പരിപാടിയിലെ മറ്റൊരു പ്രധാന നേട്ടം.<br><br>**6). ബ്ലോക്ക്തല കൗൺസലിങ് സെന്ററുകൾ ആരംഭിച്ചു.**<br><br>പഞ്ചായത്തുകളിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുന്നതിന് പുറമേ ബ്ലോക്ക് ലെവൽ കൗൺസിലിങ് സെന്ററുകൾ (ബി.എൽ.സി.സി) ആരംഭിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് കുടുംബശ്രീ എല്ലാവിധ പിന്തുണയും നൽകി. 76 ബ്ലോക്ക്തല കൗൺസലിംഗ് സെന്ററുകൾ ആരംഭിച്ചു.<br><br>**7). അതിക്രമങ്ങൾ തടയാൻ 17805 വാർഡുകളിൽ വിജിലന്റ് ഗ്രൂപ്പുകൾ**<br><br>വിഷമഘട്ടങ്ങളിൽപ്പെട്ടുഴലുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ഉടനടി സഹായം നൽകുന്നതിനായി വാർഡ് തലത്തിൽ രൂപീകരിച്ച സംഘമാണ് വിജിലന്റ് ഗ്രൂപ്പുകൾ. ഇതുപ്രകാരം 17805 സംഘങ്ങൾ രൂപീകരിച്ചു.<br><br>**8). 14 ജില്ലകളിലും സ്നേഹിത**<br><br>സ്നേഹിത കേന്ദ്രങ്ങൾ 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചത് 2017-18 കാലയളവിൽ കുടുംബശ്രീയുടെ പ്രധാനപ്പെട്ട നേട്ടങ്ങളിൽ ഉൾപ്പെടുന്നു.<br><br>**9). നീതം 2018 ക്യാമ്പെയിൻ**<br><br>സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങൾ പ്രതിരോ |

ധിക്കുന്നതിനെക്കുറിച്ച് ഏവർക്കും ധാരണയുണ്ടാക്കുന്നതിനും ഇതു സംബന്ധിച്ചുള്ള നിയമ, സാമൂഹ്യ പരിഹാരങ്ങളെക്കുറിച്ച് സ്ത്രീകൾക്കും കുടംബാംഗങ്ങൾക്കും ബോധവത്കരണം നടത്തുന്നതിനുമായി 2018 മാർച്ചിൽ നീതം ക്യാമ്പെയിൻ സംഘടിപ്പിച്ചു. 2,40,000 ത്തോളം അയൽക്കൂട്ടങ്ങൾ ഈ പരിപാടിയിൽ പങ്കെടുത്തു.

**10). തെരുവോര കച്ചവടക്കാർക്ക് ആദ്യമായി തിരിച്ചറിയൽ കാർഡ്**

നഗരങ്ങളിലെ തെരുവോര കച്ചവടക്കാർക്ക് ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ കീഴിൽ ആവശ്യമായ സഹായം നൽകുന്നതിന്റെ ഭാഗമായി ഈ വർഷം സംസ്ഥാനത്തെ 93 നഗരങ്ങളിൽ സർവ്വേ നടത്തി. 21649 തെരുവോര കച്ചവടക്കാരെ തിരിച്ചറിയുകയും ഇതിൽ 8670 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകുകയും ചെയ്തു

**11). ഡി.ഡി.യു.ജി.കെ.വൈ (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന)** 20,000 യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകാൻ 198.96 കോടി രൂപയുടെ അധിക കേന്ദ്രാനുമതി നേടി.

**12). സാഗർമാല പദ്ധതിക്ക് അനുമതി നേടിയെടുത്തു (3000 പേർക്ക് നൈപുണ്യ പരിശീലനം)**

തുറമുഖവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളിൽ യുവതി യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിയാണ് സാഗർമാല. ഈ പദ്ധതി കേരളത്തിന് അനുവദിച്ചു.

**13). സംസ്ഥാനത്തെ 18774 അയൽക്കൂട്ടങ്ങളിൽ ഡിജിറ്റൽ വിപ്ലവം**

സാമ്പത്തിക ഇടപാടുകൾ കുറ്റമറ്റതാക്കുന്നതിനായി എസ്.എച്ച്.ജി ഡിജിറ്റൽ അക്കൗണ്ടിംഗ് സംവിധാനം 2017-18-ൽ പ്രവർത്തനമാരംഭിച്ചു.

**14). 450 നാട്ടുചന്തകൾ സ്ഥാപിച്ചു**

450 സിഡിഎസുകളിലായി 450 സ്ഥിരം ചന്തകൾ സ്ഥാപിച്ചുകൊണ്ട് കുടുംബശ്രീ നേട്ടങ്ങളിൽ മറ്റൊരു ഒന്നാം സ്ഥാനം കൂടി കരസ്ഥമാക്കി.

**15). 60000 ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ 50234 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കി. കഴിഞ്ഞ വർഷത്തേക്കാൾ 20 ശതമാനം വർദ്ധനവ്**

2017-18-ൽ നടത്തിയ വിവിധ പ്രചാരണ പരിപാടികളുടേയും മറ്റ് പ്രവർത്തനങ്ങളുടേയും ഫലമായി വനിതാ കർഷക ഗ്രൂപ്പുകളുടെ (ജെ.എൽ.ജി) എണ്ണം 40000-ൽ നിന്നും 60000 ആയി. കൃഷിയിടങ്ങളുടെ വിസ്തൃതി 2016-ൽ 35000 ഹെക്ടർ ആയിരുന്നത് 2017-ൽ 50234 ഹെക്ടറായി വർദ്ധിപ്പിച്ചു.

| | | | |
|---|---|---|---|
| | | | **16). ഓൺലൈൻ ഇ കൊമേഴ്സ് പോർട്ടൽ ആരംഭിച്ചു.**<br><br>കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിനായി 2017-18 കാലയളവിൽ ഒരു ഓൺലൈൻ പ്ലാറ്റ്ഫോം ആരംഭിച്ചു. 499 കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഈ ഓൺലൈൻ ഇ കൊമേഴ്സ് പോർട്ടലിൽ ലഭ്യമാണ്.<br><br>**17). 50-ലേറെ നാനോ മാർക്കറ്റുകൾ ആരംഭിച്ചു.**<br><br>**18). ഹരിത കർമ്മസേന**<br><br>മാലിന്യ നിർമ്മാർജനം ലക്ഷ്യമിട്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഹരിത കർമ്മസേന രൂപീകരിക്കുന്നതിന്റെ ഭാഗമായി മിക്ക തദ്ദേശ സ്ഥാപനങ്ങളിലും സൂക്ഷ്മ സംരംഭങ്ങളായി കുടുംബശ്രീ ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. 20.227 കുടംബശ്രീ അംഗങ്ങൾക്ക് ഹരിത കർമ്മസേന പരിശീലനം നൽകി. 141 യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.<br><br>**19). ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ- ഹർഷം പദ്ധതി**<br><br>ശ്രദ്ധയും പരിചരണവും ആവശ്യമുള്ള പ്രായമായവർക്ക് സേവനം നൽകുന്നതിനായി ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾക്ക് പരിശീലനം നൽകുന്നതിനായി ഹർഷം എന്ന പേരിൽ നൂതന പദ്ധതി നടപ്പാക്കി.<br><br>**20). അഗതിരഹിത കേരളം പദ്ധതിക്ക് തുടക്കമിട്ടു.**<br><br>അഗതിരഹിത കേരളം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അഗതിരഹിത സർവ്വെ പൂർത്തീകരിച്ചു. അന്തിമ ഗുണഭോക്തൃ പട്ടികയും പ്രോജക്ട് റിപ്പോർട്ടും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തയ്യാറാക്കുന്നു.<br><br>**21). ആലപ്പുഴയിൽ ആദിവാസികൾക്കായി വ്യക്തിഗത മൈക്രോ പ്ലാൻ തയ്യാറാക്കൽ പൂർത്തിയാക്കി**<br><br>ആലപ്പുഴയിലെ 141 ആദിവാസി കുടുംബങ്ങളിൽ വിശദമായ സർവ്വേ നടത്തുകയും ഓരോ കുടുംബത്തിനുമായി വ്യക്തിഗത മൈക്രോ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തു.<br><br>**22). മൂന്ന് ജില്ലകളിൽക്കൂടി അട്ടപ്പാടി മാതൃകയിൽ പദ്ധതികൾ ആരംഭിച്ചു** |

ആദിവാസി കുടുംബങ്ങൾക്ക് പ്രത്യേക സാമൂഹ്യ ഘടന രൂപീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കുടുംബശ്രീയുടെ അട്ടപ്പാടി പ്രത്യേക പദ്ധതി പ്രവർത്തിക്കുന്നത്. കണ്ണൂർ ജില്ലയിലെ ആറളം വയനാട് ജില്ലയിലെ തിരുനെല്ലി മലപ്പുറം ജില്ലയിലെ നിലമ്പൂർ എന്നീ സ്ഥാലങ്ങളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിച്ചു.

**23). വയനാട്ടിലെ കമ്മ്യൂണിറ്റി കിച്ചൺ**

വയനാട് ജില്ലയിലെ തിരുനെല്ലി, കണിയാംപറ്റ, നൂൽപ്പുഴ എന്നീ പഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി കിച്ചൺ (സമൂഹ അടുക്കള) നടത്താനുള്ള ചുമതല പട്ടികവർഗ്ഗ വികസന വകുപ്പ് കുടുംബശ്രീയെ ഏൽപ്പിച്ചു. കുടുംബശ്രീ അത് നിർവ്വഹിച്ചുവരുന്നു.

**24). അട്ടപ്പാടിയിലെ 120 ഊരുകളിൽ ബാല വിജ്ഞാൻ ലൈബ്രറി സ്ഥാപിച്ചു.**

2017-18 കാലഘട്ടത്തിൽ അട്ടപ്പാടിയിലെ കുടുംബശ്രീയുടെ ഒരു നൂതന പരിപാടിയാണ് ബാല വിജ്ഞാന ലൈബ്രറി. അട്ടപ്പാടിയിലെ 120 ആദിവാസി ഊരുകളിൽ ലൈബ്രറികൾ സ്ഥാപിച്ചു. തുടക്കത്തിൽ എല്ലാ ലൈബ്രറികളിലേയ്ക്കുമായി 50 വീതം പുസ്തകങ്ങൾ നൽകി.

**25). എബിസി പ്രോഗ്രാം ഊർജ്ജിതമാക്കി(മൃഗങ്ങളുടെ ജനന നിയന്ത്രണ പദ്ധതി)**

2017-18 കാലയളവിൽ തെരുവുനായകളെ നിയന്ത്രിക്കുന്നതിനായി ആദ്യമായി എം.ഇ യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള നടപടിക്കു തുടക്കം കുറിച്ചു. ഈ പദ്ധതിയിലൂടെ 400-ൽപരം കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകുകയും 41 സംഘങ്ങൾ സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

**26). കേരള ചിക്കൻ പദ്ധതി ആരംഭിച്ചു.**

വനിതാകർഷകർ വഴി ഗുണനിലവാരമുള്ള കോഴിയിറച്ചി ഉല്പാദിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ മൃഗ സംരക്ഷണ വകുപ്പും കെപ്കോയുമായി സഹകരിച്ച് കേരള ചിക്കൻ പദ്ധതിക്ക് തുടക്കമിട്ടു. 38 യൂണിറ്റുകൾ കെപ്കോയുമായി ചേർന്ന് ആരംഭിച്ചു.

**27). ആദ്യത്തെ കുടുംബശ്രീ ഹാച്ചറി ആരംഭിച്ചു**

കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കൊല്ലത്ത് ഒരു ഹാച്ചറി യൂണിറ്റ് കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭം എന്ന നിലയിൽ ആരംഭിച്ചു.

**28). എബിസി പദ്ധതികൾക്ക് ആദ്യമായി സഞ്ചരിക്കുന്ന മൃഗാശുപത്രി**

കുടുംബശ്രീ മിഷൻ മൃഗസംരക്ഷണ മേഖലയിൽ

ആരംഭിക്കുന്ന നൂതന സംരംഭങ്ങളുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ആദ്യമായി, സഞ്ചരിക്കുന്ന എബിസി യൂണിറ്റ് ആരംഭിച്ചു. തീവ്ര പ്രവർത്തന സംഘം ജില്ലയിൽ ഏതു ഭാഗത്തും സഞ്ചരിക്കുന്ന ഓപ്പറേഷൻ തിയേറ്റർ എത്തിക്കുകയും എബിസി യൂണിറ്റിന്റെ ചുമതലയിൽ ശസ്ത്രക്രിയകൾ നടത്തുകയും ചെയ്യുന്നു

**29). സ്റ്റാർട്ടപ്പ് വില്ലേജ് എന്റർ പ്രണർഷിപ്പ് പദ്ധതി (എസ്.വി.ഇ.പി) സംസ്ഥാന തലത്തിൽ വ്യാപിപ്പിച്ചു.**

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എസ്.വി.ഇ.പി. പ്രോജക്ടുകൾ ആരംഭിക്കുന്നതിന് രാജ്യത്ത് അനുമതി ലഭിച്ച ഏക സംസ്ഥാനമാണ് കേരളം. എല്ലാ ജില്ലകളിലേയും ഒരു ബ്ലോക്കിൽ സ്റ്റാർട്ടപ്പ് വില്ലേജ് പദ്ധതി തുടങ്ങുന്നതിന് 75.5 കോടി രൂപയുടെ അനുമതി ഉന്നത അധികാര സമിതിയിൽ നിന്നും കേരളത്തിന് ലഭിച്ചു.

കുടുംബശ്രീ സ്കൂൾ, ജെന്റർ റിസോഴ്സ് സെന്റർ, ബ്ലോക്ക് കൗൺസലിംഗ് സെന്റർ, വിജിലന്റ് ഗ്രൂപ്പ്, നീതം കാമ്പെയിൻ, അയൽക്കൂട്ട ഡിജിറ്റൽ അക്കൗണ്ടിംഗ് സംവിധാനം, ഓൺലൈൻ ഇ-കോമേഴ്സ് പോർട്ടൽ, മൂന്ന് ജില്ലകളിൽ അട്ടപ്പാടി മാതൃക പദ്ധതി, ബാല വിജ്ഞാൻ ലൈബ്രറി, എസ്.വി.ഇ.പി. എന്നീ പദ്ധതി കൾക്ക് നാഷണൽ റൂറൽ ലൈവ്ലി ഹുഡ് മിഷനിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടുണ്ട്. ഡി.ഡി.യു.ജി.കെ.വൈ നൈപുണ്യ പരിശീലനം, സാഗർമാല പദ്ധതികൾ ഡിഡിയുജികെവൈ പദ്ധതി പ്രകാരവും, തെരുവോര കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകിയ പദ്ധതിക്ക് ദേശീയ നഗര ഉപജീവന മിഷനിൽ നിന്നും സഹായം ലഭിക്കുന്നുണ്ട്. നാട്ടുചന്ത, കേരള ചിക്കൻ, ജെ.എൽ.ജി പദ്ധതികൾ, മഹിളാ കിസാന് സശാക്തീകരൺ (എം.കെ. എസ്.പി) എം.കെ. എസ്.പി വാല്യൂചെയിൻ എന്നിവയുടെ കീഴിലാണ് നടപ്പിലാക്കി യിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതികൾക്കു പുറമേ കഴിഞ്ഞ 2 വർഷം തദ്ദേശ സ്വയം ഭരണ മേഖലയിൽ കേന്ദ്ര സർക്കാരിൽനിന്നും എത്ര തുക ധന സഹായം ലഭി ച്ചിട്ടുണ്ട്; ഏതൊക്കെ പദ്ധതി കൾക്ക്, വ്യക്തമാക്കുമോ?

(സി) ഗ്രാമവികസന വകുപ്പു മുഖേന നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കഴിഞ്ഞ 2 സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ച ധനസഹായം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | 2016-17 | 2017-18 |
| 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 158248.96 | 185406.40 |
| 2 | പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) | 9113.40 | 3076.82 |
| 3 | പ്രധാനമന്ത്രി ഗ്രാമസഡക് യോജന | 17595.00 | 16913.00 |

| | | | |
|---|---|---|---|
| 4 | പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം) | 1662.00 | 1730.98 |
| 5 | ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ | 530.04 | 870.37 |
| 6 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) | 9825.36 | 9802.23 |
| 7 | നാഷണൽ റർബൻ മിഷൻ | 2000.00 | 4900.00 |
| 8 | കില സെന്റർ ഫോർ ഹ്യൂമൺ റിസോർസ് ഡവലപ്മെന്റ് | 158.32 | 126.62 |

പഞ്ചായത്ത് വകുപ്പു മുഖേന നടപ്പിലാക്കുന്ന കേന്ദ്രാ വിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിക്കായി കഴിഞ്ഞ 2 വർഷം ലഭിച്ച കേന്ദ്ര സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

2016-17 - 855.18 ലക്ഷം രൂപ

2017-18 - 2336 ലക്ഷം രൂപ

അമൃത് പദ്ധതിയിൽ കഴിഞ്ഞ രണ്ടു വർഷത്തിലായി 174.64 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും ഗുരുവായൂർ, പാലക്കാട്, ആലപ്പുഴ തുടങ്ങിയ 3 മുനിസിപ്പാലിറ്റി കളിലും കുടിവെള്ള വിതരണം, സ്വിവറേജ് & സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, പാർക്ക്, അർബൻ ട്രാൻസ്പോർട്ട് തുടങ്ങിയ 5 സെക്ടറുകളിലായി മൂന്ന് വാർഷിക പദ്ധതികളായി 2356.12 കോടി രൂപയുടെ 389 പദ്ധതികളാണ് അമൃത് പദ്ധതിയിലൂടെ സംസ്ഥാനത്ത് നടപ്പാക്കുന്നത്. കുടിവെള്ള വിതരണ സെക്ടറിൽ 1081.08 കോടി രൂപയുടെ 96 പദ്ധതികൾക്കും സ്വിവറേജ് & സെപ്റ്റേജ് സെക്ടറിൽ 629.86 കോടി രൂപയുടെ 49 പദ്ധതികൾക്കും സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 381.50 കോടി രൂപയുടെ 113 പദ്ധതി കൾക്കും അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 214.40 കോടി രൂപയുടെ 60 പദ്ധതികൾക്കും പാർക്ക് സെക്ടറിൽ 49.30 കോടി രൂപ യുടെ 71 പദ്ധതികൾക്കുമാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്.

നഗരകാര്യ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന, ദേശീയ നഗര ഉപജീവന മിഷൻ എന്നീ പദ്ധതികൾക്ക് ഈ വകുപ്പു മുഖേന അനുവദിച്ചിട്ടുള്ള കേന്ദ്ര വിഹിതങ്ങൾ ചുവടെ ചേർക്കുന്നു.

പ്രധാനമന്ത്രി ആവാസ് യോജന (നഗരം) - 6888 ലക്ഷം രൂപ

ദേശീയ നഗര ഉപജീവന മിഷൻ - 1078.98 ലക്ഷം രൂപ

കഴിഞ്ഞ 2 വർഷം തദ്ദേശ സ്വയംഭരണ മേഖലയിൽ കേന്ദ്ര സർക്കാരിൽ നിന്നും മറ്റു പദ്ധതികൾക്ക് ലഭിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | 2016-17 | 2017-18 |
|---|---|---|
| | (രൂപ ലക്ഷത്തിൽ) | |
| ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) | 1163 | 1804.87 |
| ദേശീയ ഗ്രാമീണ ഉപ ജീവന പ്രോഗ്രാം (NRLP) | 972.58 | 1200.00 |
| മഹിള കിസാൻ സശാക്തീകരണ യോജന (MKSP) | 1806 | 238.5 |
| സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രിണർഷിപ്പ് പ്രോഗ്രാം (SVEP) | 450.75 | 1309 |
| **NULM** | 2519.27 | |
| **DDUGKY** | 139 | 7945 |
| **PMAY** | 29458.046 | |

സെക്ഷൻ ഓഫീസർ